പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2630 19/07/2011 - ൽ മറുപടിക്ക്

## പാസ്പോർട്ട് അപേക്ഷ നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പാസ്പോർട്ട് വിതരണത്തിൽ കേന്ദ്ര സർക്കാർ പുതിയതായി എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) അതാത് സൂപ്രണ്ടന്റ് ഓഫ് പോലീസ് സാക്ഷ്യപ്പെടുത്തിയ ഐഡന്റിറ്റി പ്രൂഫിന്റെ കോപ്പി കൂടെ അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന നിബന്ധന കാരണം ആയിരക്കണക്കിന് ആളുകൾക്ക് കേരളത്തിൽ പ്രത്യേകിച്ചും മലബാർ മേഖലയിൽ പാസ്പോർട്ട് ലഭ്യമാകാതെയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) തത്കാൽ പദ്ധതി പ്രകാരം 7 ദിവസത്തിനുള്ളിൽ പാസ്പോർട്ട് ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം നൽകേണ്ട 'അനുബന്ധം എഫ്' സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഔദ്യോഗിക തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് കൂടി നൽകിയാലേ പ്രസ്തുത സർട്ടിഫിക്കറ്റ് സ്വീകരിക്കുകയുള്ളൂ. രാജ്യത്തിന് ആകമാനം ബാധകമാകുന്ന വ്യവസ്ഥയായതിനാൽ ഒരു സംസ്ഥാനത്തിന് മാത്രമായി ഇളവ് അനുവദിക്കുന്നത് സാദ്ധ്യമാകില്ല. |

സെക്ഷൻ ഓഫീസർ